9116
27/7/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്--RIPMR ൽ Sensory Integration Room ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.452/2015/സാ.നീ.വ തിരുവനന്തപുരം, തീയതി 23.7.2015

പരാമർശം-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 2.6.2015 ലെ R & D/19807/2015 നമ്പർ കത്ത്

2. 24.6.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

ഉത്തരവ്

തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന Regional Institute of Physical Medicine and Rehabilitation എന്ന സ്ഥാപനത്തിൽ ഓട്ടിസം, concentration disorder എന്നീ വൈകല്യമുള്ള കുട്ടികൾക്കായി ഒരു പ്രത്യേക ചികിത്സാരീതി നടപ്പാക്കുന്നതിനായി Sensory Integration Room ആരംഭിക്കുന്നതിന് 25,00,000/- രൂപ ചെലവ് വരുമെന്നും ഇതിലേയ്ക്കാവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69(Plan) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും Regional Institute of Physical Medicine and Rehabilitation ൽ ഓട്ടിസം, concentration disorder എന്നീ വൈകല്യമുള്ള കുട്ടികൾക്കായി Sensory Integration Room ആരംഭിക്കുന്നതിന് 25,00,000/- രൂപ (ഇരുപത്തി അഞ്ച് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69-(06)-(Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ, Regional Institute of Physical Medicine and Rehabilitation, ഇരിങ്ങാലക്കുട, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ